## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - പാട്യം ഗ്രാമപഞ്ചായത്ത് - 2009-10 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ.(സാധാ)നം. 2585/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി 16.11.2019.**

പരാമർശം:-1) പഞ്ചായത്ത് ഡയറക്ടറുടെ 14/03/2019 ലെ പി എ എൻ/2731/19/എം3(ഡിപി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 02/08/2019 ലെ ഡി.കെ.എസ്.എ./ 1505/2019-പി.റ്റി.3 നമ്പർ കത്ത്.

3) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09/05/2018 ലെ എച്ച് സി 2104/18/4 നമ്പർ കത്ത്.

### ഉത്തരവ്

പാട്യം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ സമഗ്രവിദ്യാഭ്യാസ പദ്ധതിയിൽ, എസ്.എസ്. എൽ.സി. വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ മാറ്റുന്നതിന് വേണ്ടി പ്രത്യേക കോച്ചിംഗ് ക്ലാസ് നടത്തിയ വകയിൽ പഞ്ചായത്തിലെ 2 ഹൈസ്കൂളുകൾക്കായി അധികമായി തുക ചെലവാക്കിയതിനാണ് കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിലെ സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2009-10 ഖണ്ഡിക 3.15 പ്രകാരം 30,000/- രൂപ (മുപ്പത്തിനായിരം രൂപ മാത്രം) തടസ്സപ്പെടുത്തിയിരിക്കുന്നത്.

**2.** 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 173(1) 5-ാം പട്ടിക പ്രകാരം ത്രിതല പഞ്ചായത്തിന്റെ കർത്തവ്യ നിർവ്വഹണത്തിൽ ഹൈസ്കൂളിന്റെ ചുമതല നൽകിയിരിക്കുന്നത് ജില്ലാ പഞ്ചായത്തിനാണ്. ഗ്രാമപഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന 2 ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ പഠനനിലവരം ഉയർത്തി എസ്.എസ്.എൽ.സി. വിജയശതമാനം മെച്ചപ്പെടുത്തുക എന്ന സദുദ്ദേശത്തോടെ നടപ്പാക്കിയ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം പൂർണ്ണമായും കൈവരിച്ചതായും അതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്നും സൂചന മൂന്ന് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**3.** ഗ്രാമപഞ്ചായത്തിലെ 2 ഹൈസ്കൂളുകളിലെ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തി എസ്.എസ്.എൽ.സി. വിജയശതമാനം മെച്ചപ്പെടുത്തുക എന്ന സദുദ്ദേശത്തോടെ

നടപ്പാക്കിയ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് ഉണ്ടായിരുന്നില്ല എന്നതിനാലാണ് ഗ്രാമപഞ്ചായത്ത് തനത് വരുമാനത്തിൽ നിന്ന് പ്രസ്തുത പ്രോജക്ടിന് തുക ചെലവഴിച്ചതെന്നും ആയതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും (04/05/2018 ലെ 112(5)/18 നമ്പർ തീരുമാനം) ജില്ലാതല മോണിറ്ററിംഗ് സമിതിയും (40-ാമത് യോഗത്തിന്റെ 17-ാം നമ്പർ തീരുമാനം) സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

**4.** ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഭരണസമിതി, ജില്ലാ മോണിറ്ററിംഗ് സമിതി എന്നിവയുടെ യോഗ തീരുമാനങ്ങൾ പരിഗണിച്ചും, ഓഡിറ്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശ കണക്കിലെടുത്തും പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നടത്തിയ പ്രോജക്ടിന്റെ സദുദ്ദേശം പരിഗണിച്ചും **ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെയും** കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് റിപ്പോർട്ട് 2009-10 ഖണ്ഡിക 3.15 പ്രകാരം തടസ്സപ്പെടുത്തിയ 30,000/- രൂപയ്ക്ക് (മുപ്പതിനായിരം രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സിപോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,, കണ്ണൂർ
സെക്രട്ടറി, പാട്യം ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**